പതിനാലാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി II

## (ഭൂനികുതിയും ദേവസ്വവും)

## 2016-2017 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരമുള്ളത്]

2017 മേയ് 24-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2017

പതിനാലാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി II

## (ഭൂനികുതിയും ദേവസ്വവും)

### 2016-2017 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5)പ്രകാരമുള്ളത്]

774/2017.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി II

## (ഭൂനികുതിയും ദേവസ്വവും)

## (2016-2018)

### ഘടന

<u>ചെയർമാൻ:</u>

ശ്രീ. ഇ. ചന്ദ്രശേഖരൻ,

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗം:</u>

ശ്രീ. കടകംപള്ളി സുരേന്ദ്രൻ,

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി

<u>അംഗങ്ങൾ:</u>

ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്

ശ്രീ. അടൂർ പ്രകാശ്

ശ്രീ. സി. കെ. ഹരീന്ദ്രൻ

ശ്രീ. ഇ. പി. ജയരാജൻ

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. കെ. ഡി. പ്രസേനൻ

ശ്രീ. പുരുഷൻ കടലുണ്ടി

ശ്രീ. കെ. രാജൻ

ശ്രീ. എം. ഉമ്മർ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീമതി ജി. സുമകുമാരി, അഡീഷണൽ സെക്രട്ടറി

ശ്രീ. പി. ബി. സുരേഷ് കുമാർ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എസ്. പി. ശ്യാംകുമാർ, അണ്ടർ സെക്രട്ടറി.

# അവതാരിക

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ 2016-2017 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2016-2017 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് 2016 സെപ്റ്റംബർ 26-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ റവന്യൂ, ദേവസ്വം എന്നീ വകുപ്പുകളിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ 22-5-2017-ന് ചേർന്ന സമിതി യോഗത്തിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

2017 മേയ് 22-ന് ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു

ഇ. ചന്ദ്രശേഖരൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി II.*

തിരുവനന്തപുരം,
2017 മേയ് 22.

# റിപ്പോർട്ട്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ 2016-2017 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

സബ്ജക്ട് കമ്മിറ്റി II-ന്റെ 2016-2017 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് 2016 ആഗസ്റ്റ് 10-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിക്കുകയും 2016 സെപ്റ്റംബർ 26-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു. ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ റവന്യൂ, ദേവസ്വം എന്നീ വകുപ്പുകളിൽ നിന്നും ലഭ്യമായ നടപടി സ്റ്റേറ്റ്മെന്റുകൾ 22-5-2017-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

2016-2017 സാമ്പത്തികവർഷത്തെ ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികൾ ഭാഗം I ആയും മറുപടി ലഭിക്കാനുള്ള ശിപാർശകളെ സംബന്ധിച്ച വിവരം ഭാഗം II ആയും ചേർത്തിരിക്കുന്നു.

## ഭാഗം I

### 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളും ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും

<u>ശിപാർശ</u>

മലബാർ ദേവസ്വം ബോർഡിന് കീഴിലെ ക്ഷേത്രനിധിയിൽ 5163 അംഗങ്ങളുള്ളതിൽ നിലവിൽ 963 അംഗങ്ങൾക്ക് പെൻഷനും 317 പേർക്ക് കുടുംബ പെൻഷനും നൽകി വരുന്നു എന്ന് സമിതി മനസ്സിലാക്കുന്നു. എക്സിക്യൂട്ടീവ് ഓഫീസർമാരുടെ പെൻഷൻ കൂടാതെ ജീവനക്കാരുടെ ശമ്പളം, ക്ഷാമബത്ത എന്നിവയുടെ വർദ്ധനവുണ്ടാകുമെന്ന സാഹചര്യം കണക്കിലെടുത്ത് ഈ ആവശ്യത്തിലേക്കായി 200 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

<u>സ്വീകരിച്ച നടപടി</u>

ഇല്ല. ബഡ്ജറ്റ് വിഹിതത്തെക്കാൾ കൂടുതൽ തുക അനുവദിച്ചിട്ടില്ല.

774/2017.

<u>ശിപാർശ</u>

മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള 367 കോലധാരികൾക്ക് 700 രൂപ നിരക്കിലും 1704 ആചാര്യസ്ഥാനികർക്ക് 800 രൂപ നിരക്കിലും ധനസഹായം വിതരണം ചെയ്യുന്നതിന് വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. പുതുതായി ലഭിച്ചിട്ടുള്ള ആചാര്യസ്ഥാനികരുടെ 1524 അപേക്ഷകളും കോലധാരികളുടെ 142 അപേക്ഷകളും കൂടി ഈ വർഷം പരിഗണിക്കേണ്ടതിനാൽ ഈ ഇനത്തിൽ 500 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

<u>സ്വീകരിച്ച നടപടി</u>

ഇല്ല. ബഡ്ജറ്റ് വിഹിതത്തെക്കാൾ കൂടുതൽ തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

മലബാർ ദേവസ്വത്തിന് കീഴിൽ കണ്ണൂർ ജില്ലയിലെ മാടായിക്കാവിൽ ആരംഭിച്ചിട്ടുള്ള ക്ഷേത്രകലാ അക്കാഡമിയുടെ പ്രവർത്തനത്തിനും അതിന്റെ നടത്തിപ്പിനും സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനും ഫണ്ട് അനുവദിക്കേണ്ടത് അനിവാര്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആകയാൽ ഈ ആവശ്യത്തിലേക്കായി 500 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

<u>സ്വീകരിച്ച നടപടി</u>

ഇല്ല. ബഡ്ജറ്റ് വിഹിതത്തെക്കാൾ കൂടുതൽ തുക അനുവദിച്ചിട്ടില്ല

<u>ശിപാർശ</u>

ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകളുടെയും കുളങ്ങളുടെയും ആൽത്തറകളുടെയും സംരക്ഷണവും പുനരുദ്ധാരണവും പാരിസ്ഥിതികമായി വളരെ പ്രാധാന്യമുള്ളതാണെന്നും ഇവയുടെ സംരക്ഷണത്തിനായി അതീവ ശ്രദ്ധ ചെലുത്തേണ്ടതാണെന്നും സമിതി അഭിപ്രായപ്പെടുന്നു. തിരുവിതാംകൂർ ദേവസ്വം, മലബാർ ദേവസ്വം, കൊച്ചി ദേവസ്വം, കൂടൽമാണിക്യം ദേവസ്വം എന്നിവയുടെ പരിധിയിൽവരുന്ന കാവുകളും കുളങ്ങളും ആൽത്തറകളും സംരക്ഷിക്കുന്നതിന് വകയിരുത്തിയിട്ടുള്ള തുക തികച്ചും അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആകയാൽ ഇവയുടെ സംരക്ഷണത്തിനായി 900 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

(ഖണ്ഡിക 10)

<u>സ്വീകരിച്ച നടപടി</u>

ഇല്ല. ബഡ്ജറ്റ് വിഹിതത്തെക്കാൾ കൂടുതൽ തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

കൊച്ചി ദേവസ്വം ബോർഡിന് ടോട്ടൽ ആന്വിറ്റി ഇനത്തിൽ ലഭിക്കാനുള്ള തുക ലഭിച്ചിട്ടില്ലെന്നും സംസ്ഥാന ബഡ്ജറ്റിൽ കൊച്ചി ദേവസ്വം ബോർഡിനായി പ്രത്യേക വിഹിതം അനുവദിക്കുന്നില്ലെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ആന്വിറ്റി ഇനത്തിൽ 600 ലക്ഷം രൂപ കൊച്ചി ദേവസ്വം ബോർഡിന് അനുവദിക്കണമെന്നും ബഡ്ജറ്റിൽ പ്രത്യേക വിഹിതം വകയിരുത്തുന്ന കാര്യം പരിഗണിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

<u>സ്വീകരിച്ച നടപടി</u>

ഇല്ല. ബഡ്ജറ്റ് വിഹിതത്തെക്കാൾ കൂടുതൽ തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

കൊച്ചി ദേവസ്വം ബോർഡിന് കീഴിൽ ഏറ്റവും കൂടുതൽ റവന്യൂ വരുമാനമുള്ള ചോറ്റാനിക്കര ദേവീക്ഷേത്രത്തിന്റെ വികസനത്തിന് ഒരു മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിനും പ്രസ്തുത ക്ഷേത്ര പരിസരത്ത് മാലിന്യ നിർമ്മാർജ്ജന പ്ലാന്റ് സ്ഥാപിക്കുന്നതിലേക്കുമായി 600 ലക്ഷം രൂപ അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

<u>സ്വീകരിച്ച നടപടി</u>

തുക അനുവദിച്ചിട്ടില്ല. ചോറ്റാനിക്കര ദേവീക്ഷേത്രത്തിന്റെ വികസനത്തിനൊരു മാസ്റ്റർ പ്ലാനും മാലിന്യ നിർമ്മാർജ്ജനത്തിന് ട്രീറ്റ്മെന്റ് പ്ലാന്റും സ്ഥാപിക്കുന്നതിന് കൊച്ചിൻ ദേവസ്വം ബോർഡ് നടപടി സ്വീകരിച്ചുവരുന്നു.

<u>ശിപാർശ</u>

ദേവസ്വങ്ങൾക്ക് ഗ്രാന്റ് അനുവദിക്കുന്നതിന് ഒരു ഏകജാലക സംവിധാനത്തിന് രൂപം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

സ്വീകരിച്ച നടപടി

ഗ്രാന്റ് അനുവദിക്കുന്ന നടപടി വേഗത്തിലും സുതാര്യവുമാക്കുന്നതിന് BAMS, BIMS എന്നീ രണ്ട് സോഫ്റ്റ്‌വെയറുകൾ നിലവിൽ വന്നിട്ടുണ്ട്.

ശിപാർശ

കൊച്ചി ദേവസ്വം ബോർഡിലെ മിനിസ്റ്റീരിയൽ തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

സ്വീകരിച്ച നടപടി

കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡും കൊച്ചിൻ ദേവസ്വം ബോർഡും ചേർന്ന് നടപടി സ്വീകരിച്ചു വരുന്നുണ്ട്.

ശിപാർശ

സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിൽ 40 എണ്ണം വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവയാണെന്നും പല കെട്ടിടങ്ങളും ചോർന്നൊലിച്ച് ജീർണ്ണാവസ്ഥ യിലായതുമൂലം വിലപ്പെട്ട രേഖകൾ നശിച്ചു പോകുന്നതായും സമിതി നിരീക്ഷിച്ചു. വിവര സാങ്കേതികവിദ്യ ഉപയോഗിച്ച് റവന്യൂ ഓഫീസുകളെ ഘട്ടം ഘട്ടമായി സ്മാർട്ടാക്കി മാറ്റുന്നതിനുള്ള പദ്ധതിയിൽ പ്ലാൻ ഫണ്ടുകൾ വിനിയോഗിച്ചത് സംബന്ധിച്ച കണക്കുകളിൽ അന്തരം നിലനിൽക്കുന്നതായി സമിതി വിലയിരുത്തുന്നു. തിരുവനന്തപുരം ജില്ലയിലെ വെള്ളറട, പരശുവയ്ക്കൽ വില്ലേജ് ഓഫീസ് കെട്ടിടങ്ങൾ, തൃശ്ശൂർ ജില്ലയിലെ പട്ടിക്കാട്ടിൽ പീച്ചി പാണഞ്ചേരി ജോയിന്റ് വില്ലേജാഫീസ് എന്നിവയുടെ അവസ്ഥ ശോചനീയമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ സ്മാർട്ട് റവന്യൂ ഓഫീസുകൾ പദ്ധതിയുടെ മൂന്നാം ഘട്ടം അടിയന്തരമായി പൂർത്തിയാക്കണമെന്നും വില്ലേജ് ഓഫീസുകളുടെ കമ്പ്യൂട്ടർവത്ക്കരണം ത്വരിതപ്പെടുത്തണമെന്നും വില്ലേജ് ഓഫീസുകളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

<u>സ്വീകരിച്ച നടപടി</u>

സംസ്ഥാനത്ത് ശോചനീയാവസ്ഥയിലുള്ള എല്ലാ വില്ലേജാഫീസുകളും 13-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് നവീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. സ്മാർട്ട് വില്ലേജ് പദ്ധതിക്കായി 2014-2015 സാമ്പത്തിക വർഷം ചെലവഴിച്ചിട്ടുള്ള തുക സംബന്ധിച്ച് അക്കൗണ്ടന്റ് ജനറലിന്റെ കണക്കും, വകുപ്പിന്റെ കണക്കും വിശദമായി പരിശോധിച്ചതിൽനിന്നും വ്യത്യാസമുള്ളതായി കാണുന്നില്ല. ജില്ലയിലെ വെള്ളറട, പരശ്ശുവയ്ക്കൽ വില്ലേജ് ഓഫീസുകൾക്ക് സ്വന്തമായി കെട്ടിട നിർമ്മാണത്തിന് അടിയന്തരമായി സ്ഥലം കണ്ടെത്താൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ടി വില്ലേജാഫീസുകൾക്കും തൃശ്ശൂർ ജില്ലയിലെ പാണഞ്ചേരി വില്ലേജാഫീസിനും പുതിയ കെട്ടിട നിർമ്മാണത്തിന് ജില്ലാ കളക്ടർ നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി പണികൾ 2017-2018 വർഷത്തെ പ്ലാൻ സ്കീമിൽ സ്മാർട്ട് വില്ലേജ് പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള 15 കോടി രൂപയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കാവുന്നതാണ്. റവന്യൂ വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണം ത്വരിതഗതിയിൽ നടപ്പിലാക്കി വരുന്നു. ഭൂമിസംബന്ധമായി റവന്യൂ, രജിസ്ട്രേഷൻ, സർവ്വെ വകുപ്പുകൾ നൽകിവരുന്ന സേവനങ്ങൾ പരസ്പരം ബന്ധപ്പെടുത്തി 1203 വില്ലേജുകളിൽ ഓൺലൈൻ പോക്കുവരവ് സംവിധാനം ഒരുക്കിക്കഴിഞ്ഞിട്ടുണ്ട്. ഇതുമൂലം വസ്തുവിന്റെ പോക്കുവരവ് നടപടികൾ വേഗത്തിലും സുതാര്യമായും കുറ്റമറ്റ രീതിയിലും നടപ്പിലാക്കിവരുന്നു. റവന്യൂ വകുപ്പ് പൊതുജനങ്ങൾക്ക് നൽകിവരുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾ നിലവിൽ ഇ-ഡിസ്ട്രിക്ട് പദ്ധതി മുഖേന ഓൺലൈനായി നൽകി വരുന്നുണ്ട്. നിലവിൽ ഭൂനികുതി ഇ-പേയ്മെന്റ് സംവിധാനത്തിലൂടെ സ്വീകരിച്ചുവരുന്നുണ്ട്. മറ്റ് നികുതികളും ഇ-പേയ്മെന്റ് വഴി സ്വീകരിക്കുന്ന കാര്യം പരിഗണനയിലുണ്ട്.

2013-2014 സാമ്പത്തിക വർഷം മുതൽ ആരംഭിച്ച സ്മാർട്ട് റവന്യൂ പദ്ധതിയിൽ നാളിതുവരെ I, II, III, IV ഘട്ടങ്ങളിലെ 41 വില്ലേജാഫീസുകളുടെ നിർമ്മാണം/ നവീകരണം നടത്തുന്നതിന് ഭരണാനുമതി നൽകുകയും ആയതിൽ 26 എണ്ണത്തിന്റെ പണികൾ പൂർത്തീകരിക്കുകയും മറ്റ് 15 കെട്ടിടങ്ങളുടെ പണികൾ പുരോഗമിക്കുകയുമാണ്. വില്ലേജാഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നടപ്പുസാമ്പത്തികവർഷം പൊതുമരാമത്ത് വകുപ്പിന്റെ ബഡ്ജറ്റ് ശീർഷകത്തിൽ (2017-2018) 15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

## ഭാഗം II

## 2016-2017 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ നടപടി സ്റ്റേറ്റ്മെന്റുകൾ ലഭിക്കുവാനുള്ള ഖണ്ഡികകൾ

ഖണ്ഡികകൾ 1 മുതൽ 6 വരെയും, 13 മുതൽ 18 വരെയും, 21 മുതൽ 30 വരെയും.

ഇ. ചന്ദ്രശേഖരൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി II.*

തിരുവനന്തപുരം,
2017 മേയ് 22.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2017

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.